**പത്രക്കുറിപ്പ്**
**26.09.2018**

# സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ തയ്യൽ സംബന്ധമായ ജോലികൾ:

# 'ടെൻഡർ കൂടാതെ കുടുംബശ്രീ അപ്പാരൽ യൂണിറ്റുകൾക്ക് ലഭിക്കാൻ സർക്കാർ ഉത്തരവ്

തിരുവനന്തപുരം: വിവിധ സർക്കാർ വകുപ്പുകൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തയ്യൽ സംബന്ധമായ ജോലികൾ ചെയ്യുന്നതിന് കുടുംബശ്രീയുടെ കീഴിലുള്ള തയ്യൽ യൂണിറ്റുകൾക്ക് കരാർ കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവിറക്കി.ടെൻഡർ നടപടികൾ കൂടാതെ തയ്യൽ ജോലികൾ നേരിട്ടു ലഭിക്കുന്നതിനായി സ്റ്റോക്ക് പർച്ചേസ് മാന്വലിൽ പ്രത്യേക ഇളവു വരുത്തിയാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

നിലവിൽ കുടുംബശ്രീയുടെ കീഴിൽ നിരവധി അപ്പാരൽ പാർക്കുകളും ആയിരത്തിലേറെ ചെറുകിട തയ്യൽ യൂണിറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പുതിയ ഉത്തരവ് പ്രകാരം വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായി വരുന്ന തയ്യൽ ജോലികൾ ടെൻഡർ കൂടാതെ കുടുംബശ്രീ യൂണിറ്റുകളെ ഏൽപിക്കാനാകും. ഇതോടൊപ്പം യൂണിറ്റ് അംഗങ്ങൾക്ക് സ്വന്തം നിലയിൽ സർക്കാർ മേഖലയിലെ വിവിധ സ്ഥാപനങ്ങളെ സമീപിച്ച് തയ്യൽ ജോലികൾ ഏറ്റെടുക്കുന്നതിനും അവസരം ലഭിക്കും. കഴിഞ്ഞ വർഷം സാമൂഹ്യനീതി, ലോട്ടറി വകുപ്പുകളിൽ നിന്നും കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള തയ്യൽജോലികളും ഏറ്റെടുത്തു ചെയ്തതു വഴി കുടുംബശ്രീക്ക് നാലു കോടി രൂപയുടെ വരുമാനം നേടാൻ സാധിച്ചു. മിതമായ നിരക്കിൽ ഗുണമേന്മയും ഈടും ഉറപ്പാക്കി തയ്യൽ ജോലികൾ സമയബന്ധിതമായി ചെയ്തു കൊടുക്കുന്നതു വഴി യൂണിറ്റുകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ ലഭിക്കുന്നുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**